## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 26 — 11-06-2012 -ൽ മറുപടിക്ക്.

### ബാറുകളുടെ പ്രവർത്തന സമയം

| ചോദ്യം: | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>" കെ. വി. വിജയദാസ് :<br>" ബി. ഡി. ദേവസ്സി :<br>" ആർ. രാജേഷ് : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ബാറുകളുടെയും വിദേശമദ്യ വിൽപ്പനശാലകളുടെയും പ്രവർത്തന സമയം പാതിരാത്രിവരെ നീട്ടുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സമയ മാറ്റം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | ഇല്ല. എന്നാൽ, ബാറുകളുടെ പ്രവർത്തനസമയം രാവിലെ 6 മുതൽ അർദ്ധരാത്രി 12 മണി വരെ ആയിരുന്നു. 1953 മുതലുള്ള ഈ വ്യവസ്ഥയിൽ മാറ്റം വരുത്തി 9 മുതൽ 12 വരെ നഗരത്തിലും 8 മുതൽ 11 വരെ പഞ്ചായത്തിലും സമയം ക്ലിപ്തപ്പെടുത്തി. ഇതിലൂടെ 3 മണിക്കൂർ വെട്ടിക്കുറച്ചു. മദ്യത്തിന്റെ അമിത വ്യാപനം തടയുകയാണ് ഇതിന്റെ ലക്ഷ്യം. |
| (ബി) | നിലവിലുണ്ടായിരുന്ന സമയക്രമത്തിൽ വരുത്തിയ മാറ്റം വിശദമാക്കാമോ; | (ബി) | സൂര്യോദയം മുതൽ രാത്രി 12 മണി വരെ ബാറുകൾ പ്രവർത്തിക്കാമെന്ന നിയമം ഭേദഗതി ചെയ്ത്, ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ രാവിലെ 8 മണി മുതൽ രാത്രി 11 മണി വരെയും, കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 9 മണി മുതൽ രാത്രി 12 മണി വരെയുമാക്കി പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ബാറുകളുടെ പ്രവർത്തനസമയം കുറച്ചുകൊണ്ടുവരുക എന്ന സമീപനം സർക്കാർ വേണ്ടെന്നുവച്ചത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ? | (സി) | ബാറുകളുടെ പ്രവർത്തനസമയം കുറച്ചുകൊണ്ടുവരുക എന്ന സമീപനം ഈ സർക്കാരാണ് പ്രാവർത്തികമാക്കിയത്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്നതാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. |

സെക്ഷൻ ആഫീസർ